# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 457 - 24/01/2018 -ലെ മറുപടിക്ക്

# സംസ്ഥാനത്തിന്റെ ധനസ്ഥിതി

ചോദ്യം | ഉത്തരം

ശ്രീ. അബ്ദുൽ ഹമീദ് പി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 30.11.2017 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 138189.87 കോടി രൂപയാണ്. |
| ബി | സംസ്ഥാനത്തിന്റെ ധനസ്ഥിതി മോശമാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | നോട്ടു നിരോധനത്തെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക അനിശ്ചിതാവസ്ഥയും ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ കുത്തനെയുള്ള ഇടിവും റവന്യൂ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുണ്ട്. പതിവിന് വിഭിന്നമായി പബ്ലിക്ക് അക്കൗണ്ട് കൂടി അനുവദനീയ വായ്പാ പരിധിയിൽപ്പെടുത്തി സംസ്ഥാനത്തിന്റെ നടപ്പു സാമ്പത്തിക വർഷത്തിലെ കടമെടുപ്പു പരിധിയിൽ കുറവു വരുത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം താൽക്കാലിക സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ഇത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| സി | ഈ വർഷത്തെ ധനകമ്മി എത്രയെന്നും എത്ര തുക കടമെടുക്കേണ്ടി വന്നുവെന്നും ആയത് ഏതൊക്കെ സ്രോതസ്സിൽ നിന്നാണെന്നും വെളിപ്പെടുത്തുമോ; | 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനകമ്മി 26448.35 കോടി രൂപയാണ്. നടപ്പു സാമ്പത്തിക വർഷം അവസാനത്തോടുകൂടി മാത്രമേ ഈ വർഷത്തെ ധനകമ്മി സംബന്ധിച്ച കണക്കുകൾ ലഭ്യമാവുകയുള്ളൂ. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക |

| | | |
|---|---|---|
| | | കണക്കുകൾ പ്രകാരം 01.04.2017 മുതൽ 30.11.2017 വരെ 21246.31 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിങ്സ് (NSSF) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ് . |
| ഡി | സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കുന്നതിന് തയ്യാറാകുമോ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ